ഇന്ത്യയിലെ കർഷകരുടെ കൈയിൽ അയ്യായിരത്തിലധികം നാടൻ പരുത്തിവിത്തുകളുണ്ടായിരുന്നു. വ്യത്യസ്ത കാലങ്ങളിൽ കൃഷി ചെയ്യാവുന്നതും വ്യത്യസ്ത പ്രദേശങ്ങളിൽ കൃഷി ചെയ്യാവുന്നതും പ്രത്യേകം ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നവയുമായിരുന്നു ഇവ. പല നിറങ്ങളിലുള്ള പരുത്തി നൽകുന്ന വിത്തുകൾ വരെ ഇക്കൂട്ടത്തിലുണ്ടായിരുന്നു. (അവയ്ക്ക് കൃത്രിമ നിറം നൽകേണ്ട കാര്യമില്ല). എന്നാൽ ഉൽപ്പാദനം കൂട്ടുന്നതിന്റെ ഭാഗമായി ഉല്പാദനശേഷി കൂടുതലുള്ള ഹൈബ്രിഡ് വിത്തുകൾ കൃഷിക്കാർ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ പതുക്കെ പതുക്കെ അവരുടെ കൈയിലുണ്ടായിരുന്ന നാട്ടു വിത്തുകൾ അവർ നടാതായി. എന്നാൽ ഹൈബ്രിഡ് വിത്തുകളുടെ ഉപയോഗം കൃഷിച്ചിലവ് കൂട്ടാൻ ഇടയാക്കി. കൂടുതൽ രാസവളങ്ങളും കീടനാശിനിയും ആവശ്യമായി വന്നു. മഴയെ ആശ്രയിച്ചുള്ള കൃഷി സാദ്ധ്യമല്ലാതായി. വിത്തുകൾ സമയത്തിന് കിട്ടാതായി.

ഏകദേശം പത്ത് വർഷങ്ങൾക്കു മുൻപ് ബി ടി പരുത്തിയെന്ന ജനിതക മാറ്റം വരുത്തിയ വിത്ത് മാർക്കറ്റിലിറങ്ങി. കീടനാശിനി ഉപയോഗം കുറയ്ക്കാമെന്നായിരുന്നു വിത്തുകമ്പനികളുടെ വാഗ്ദാനം. വില കൂടുതലാണെങ്കിലും കർഷകർ ഇത് വാങ്ങിക്കാൻ തയ്യാറായി. പതുക്കെ പതുക്കെ മറ്റെല്ലാ വിത്തുകളും മാർക്കറ്റിൽ നിന്ന് അപ്രത്യക്ഷമായി. അതോടെ ബി ടി വിത്തിന് വിലകൂടി. പിടിച്ചു നിൽക്കാനാവാതെ കർഷകർ കടം കയറി ആത്മഹത്യചെയ്യാനും തുടങ്ങി.

ഈ സാഹചര്യത്തിലാണ് ദേശീയതലത്തിൽ തന്നെ വിത്ത് തിരിച്ചുപിടിക്കാനുള്ള സമരപരിപാടികൾ ആരംഭിച്ചത്. സർക്കാരിനെക്കൊണ്ട് ഈ ആവശ്യം അംഗീകരിപ്പിക്കാനുള്ള ശ്രമത്തിലാണവർ. വിത്ത് കർഷകരുടേതാണ്. അല്ലാതെ വിത്തുണ്ടാക്കുന്ന കമ്പനികളുടേതല്ല. എന്നാൽ വിത്തുകമ്പനികൾ പഴയ ബ്രിട്ടീഷ് സർക്കാരിനെയും ഈസ്റ്റിന്ത്യാ കമ്പനിയെയും പോലെ പെരുമാറുകയാണ്. ഇന്ത്യയിൽ കൃഷി ചെയ്യുന്ന എല്ലാ പരുത്തി വിത്തുകളും മൊൻസാന്റോ എന്ന അമേരിക്കൻ കമ്പനിയുടേതാണെന്നാണ് അവർ അവകാശപ്പെടുന്നത്. കർഷകർ ഇത് ഉണ്ടാക്കിക്കൂടാ! സ്വാതന്ത്ര്യത്തിന്റെ പ്രതീകമായിരുന്ന

**എന്തിനാണീ സമരം? നല്ല വിത്തില്ലെങ്കിൽ കൃഷി പിഴയ്ക്കും. പട്ടിണി കിടന്നാൽ പോലും കർഷകർ വിത്ത് ഭക്ഷണമാക്കില്ല. കാരണം അതാണ് ഭാവിയിലേക്കുള്ള കരുതൽ. വിത്തുണ്ടെങ്കിൽ തങ്ങൾ സുരക്ഷിതരാണെന്ന ബോധം... മഴയെത്തിയാൽ വിത്ത് വീണ്ടും മണ്ണിലിടാം... ജീവിതം പച്ചപിടിപ്പിക്കാം.**

പരുത്തി ഇന്ന് അമേരിക്കൻ കമ്പനിയായ മൊൻസാന്റോയുടെ കൈയിലായിരിക്കുന്നു എന്ന ദുഃഖസത്യമാണ് ഒട്ടനവധി ആളുകളെ ഈ സമരത്തിലേക്കാകർഷിച്ചത്. ഇന്ന് നമ്മൾ ധരിക്കുന്ന പരുത്തി വസ്ത്രങ്ങൾ പോലും ഈ വിത്തിൽ നിന്ന് ഉൽപ്പാദിപ്പിച്ചവയാണ്. പ്രകൃതിവിരുദ്ധമായ, ദേശവിരുദ്ധമായ, കർഷകവിരുദ്ധമായ വിത്തുകളിൽ നിന്ന്. എന്തിന് നമ്മുടെ പ്രധാനമന്ത്രി ചെങ്കോട്ടയിലുയർത്തുന്ന പരുത്തി കൊണ്ടുണ്ടാക്കിയ ദേശീയപതാകവരെ ഈ അമേരിക്കൻ വിത്തുകമ്പനിയിൽ നിന്നുള്ള പരുത്തി ആണ്!

അതിനാൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി കർഷകരും കാർഷികവിദഗ്ധരുമെല്ലാം നമ്മുടെ പാരമ്പര്യ വിത്തുകളെ സംരക്ഷിച്ചെടുക്കാനും വികസിപ്പിക്കാനുമുള്ള ശ്രമത്തിലാണ്. കർണാടകത്തിലെ നാഗപ്പ എന്ന യുവകർഷകൻ മുപ്പതിലധികം ഇനം നാടൻ പരുത്തിവിത്തുകൾ കൃഷിചെയ്ത് മറ്റു കർഷകർക്കൊരു മാതൃകയാവുകയാണ്. ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിനുള്ള തയ്യാറെടുപ്പിലാണവർ. ഇക്കൊല്ലം ഈ പരുത്തിയിൽ നിന്ന് അവർ രണ്ടായിരത്തോളം ചെറുതും വലുതുമായ കൊടിയുണ്ടാക്കി ഡൽഹിയിലേക്ക് മാർച്ച് ചെയ്തു. 'മൊൻസാന്റോ കിറ്റിന്ത്യ' എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. തങ്ങളുണ്ടാക്കിയ കൊടി അവർ പ്രധാനമന്ത്രിക്ക് നൽകുകയും ചെങ്കോട്ടയിൽ ഇത് ഉയർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.



ഉത്സാഹത്തോടെയാണവർ തങ്ങളുടെ ഗ്രാമങ്ങളിലേക്ക് മടങ്ങിയിരിക്കുന്നത്. കൂടുതൽ കർഷകർക്ക് നാട്ടു പരുത്തിവിത്തുകൾ നൽകി കൃഷി ആരംഭിച്ചിരിക്കുകയാണ്. വരുംകൊല്ലം പതിനായിരത്തോളം കൊടി ഉണ്ടാക്കുകയാണ് ലക്ഷ്യം. 'വിത്ത് കർഷകരുടേതാണ്. വിത്ത് ഈ നാടിന്റേതാണ്. ഇത് വരുംതലമുറയ്ക്ക് കൈമാറാനുള്ളതാണ്. വിത്ത് കച്ചവടം ചെയ്ത് ലാഭം കൊയ്യാനുള്ള ഒരു ഉൽപ്പന്നമല്ല. ഇത് നാടിന്റെ പൈതൃകമായി സംരക്ഷിക്കപ്പെടേണ്ട സമ്പത്താണ്.' ഈ മഹത്തായ സന്ദേശം ഉയർത്തിക്കൊണ്ടാണ് ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിലേക്ക് ഈ കർഷകർ നടന്നു നീങ്ങുന്നത്. ഇവരുടെ കൂടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും പ്രകൃതിയെ സ്നേഹിക്കുന്ന, മനുഷ്യരെ സ്നേഹിക്കുന്ന ആളുകളെല്ലാം ഒത്തുചേരുന്നു. നമ്മുടെ രാഷ്ട്രപിതാവിന്റെ സന്ദേശം വീണ്ടും ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു പുതിയ സ്വാതന്ത്ര്യത്തിനായി, അഹിംസയിലൂടെയും സ്വാശ്രയത്വത്തിലൂടെയും ഇന്ത്യയെ വീണ്ടെടുക്കാനായി മണ്ണിനെയും മനുഷ്യനെയും കണ്ടെത്താനായി. നാട്ടുവിത്തിനങ്ങൾ സംരക്ഷിച്ചുകൊണ്ട് നമുക്കും ഈ യജ്ഞത്തിൽ പങ്കാളികളാകാം.



Our freedom through seeds- Article by S Usha in Thaliru Magazine



ആറന്മുളയിലെ നിർദിഷ്ട വിമാനത്താവളത്തിനായുള്ള സ്ഥലം

# ജീവിതത്തിനു മേലെയുള്ള റൺവേകൾ

എസ്. ഉഷ

**ആറന്മുള നിർദിഷ്ട വിമാനത്താവളത്തിന് ഇതുവരെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടില്ല. 150 കിലോമീറ്റർ ചുറ്റളവിനുള്ളിൽ രണ്ട് വിമാനത്താവളങ്ങൾ പാടില്ല എന്ന നിയമമുണ്ടായിരിക്കെ എന്തിനു വേണ്ടിയാണ് ആറന്മുള വിമാനത്താവളത്തിനുവേണ്ടി വാദിക്കുന്നത്? വയനാട്ടിലെ ചീക്കല്ലൂർ, ഇടുക്കിയിലെ അണക്കര, കണ്ണൂർ വിമാനത്താവളങ്ങൾക്കും ഇതേ പ്രശ്നമുണ്ട്. നാടിന് വികസനമുണ്ടാകണമെങ്കിൽ ജനങ്ങളുടെ കുടിയിറക്കലും പാരിസ്ഥിതിക ആഘാതവും സൃഷ്ടിക്കപ്പെടുകതന്നെ ചെയ്യും എന്നുള്ള 'വികസന'വാദികളുടെ മുദ്രാവാക്യത്തിന്റെ അപകടത്തെ ചോദ്യം ചെയ്യുന്നു.**

ആറന്മുള വിമാനത്താവളം വേണ്ട... ചീക്കല്ലൂർ വിമാനത്താവളം വേണ്ട... അണക്കര വേണ്ട.... കണ്ണൂർ വേണ്ട... ജനങ്ങളുടെ ഈ പ്രതിഷേധസ്വരം കേരളത്തിലെ പലഭാഗത്തും ഉയർന്നുകൊണ്ടിരിക്കുന്നു.

ബംഗളൂരു ഇൻറർനാഷണൽ എയർപോർട്ടിന്റെ കീഴിൽ അമർന്നുപോയൊരു ഗ്രാമമുണ്ട്. അന്നേശ്വരിഗ്രാമം. തലമുറകളായി ആ ഗ്രാമത്തെ സ്നേഹിച്ചും പരിപാലിച്ചും ഉണ്ടും ഉറങ്ങിയും കുട്ടികളും അമ്മമാരും മുത്തച്ഛൻമാരും ജീവിച്ചൊരു ഗ്രാമം. അന്താരാഷ്ട്ര എയർപോർട്ടിന്റെ പളപളക്കത്തിൽ ഈ മുഖങ്ങളെ ആരും ഓർക്കാറില്ല. ആ ഗ്രാമത്തിലെ ചെറുപ്പക്കാരായ കുറച്ചു സ്ത്രീകൾ ഒരുപക്ഷേ, വിമാനത്താവളത്തിലെ കക്കൂസ് കഴുകുന്ന ജോലി ചെയ്യുന്നുണ്ടാകാം. കേരളത്തിലെ ഏറ്റവും ഫലഭൂയിഷ്ഠമായ കൃഷിഭൂമിയും കർഷകകുടുംബങ്ങളുമാണ് നെടുമ്പാശ്ശേരി എന്ന 'മോഡൽ വിമാനത്താവള'ത്തിന്റെ വളർച്ചയ്ക്കിടയിൽ വേരുകളറ്റത്. വികസനത്തിന്റെ ശക്തിക്കു മുൻപിൽ സാമ്പത്തികവളർച്ചയുടെ പരാക്രമത്തിനിടയിൽ വേരുകൾ നഷ്ടപ്പെട്ടവരുടെ, ജീവൻപൊലിഞ്ഞവരുടെ കണക്കുകൾ സാമ്പത്തികവിദഗ്ധർ എടുക്കാറില്ല. കാരണം വികസനത്തിന് ആരെങ്കിലുമൊക്കെ വിലകൊടുക്കണമെന്നാണ് ഇവരുടെ അഭിപ്രായം. ഈ അനീതിക്കെതിരെയുള്ള ശബ്ദം എല്ലാ കാലത്തും ഉയർന്നിരുന്നു. എങ്കിലും അവയെല്ലാംതന്നെ അടിച്ചമർത്തപ്പെടുകയായിരുന്നു. മറവിയെന്നത് ആധുനിക സമൂഹത്തിന്റെ ശാപമാണ്. അതിനാൽ ഇത്തരം സംഭവങ്ങളൊന്നുംതന്നെ ആരും ഓർത്തുവെക്കാറുമില്ല.

എങ്കിലും ഇത്തവണ വികസനത്തിന്റെ ഇരകൾ മാത്രമല്ല ഭ്രാന്തമായ ഈ വികസനജ്വരത്തിനെതിരെ ശബ്ദമുയർത്തുന്നത്. കേരളത്തിനു പുറത്ത് മറ്റു സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും ജോലിചെയ്യുന്നവർതന്നെ സോഷ്യൽ മീഡിയയിലൂടെയും നേരിട്ടും പ്രതികരിക്കാൻ തുടങ്ങിയിട്ടുണ്ട്. കേരളത്തി

നെന്തിനാണ് ഇനി കൂടുതൽ വിമാനത്താവളങ്ങൾ എന്നവർ ചോദിക്കുന്നു. വിമാനയാത്ര ചെയ്യുന്നവരാണിവരെന്നും ഓർക്കണം. അവരുടെത് വൈകാരികമായ പ്രതികരണം മാത്രമല്ലതാനും. വിദ്യാസമ്പന്നരായ, മറുനാട്ടിൽ പണിയെടുക്കുന്ന ഇവർക്കറിയാം കേരളത്തിനു വേണ്ടത് വിമാനത്താവളങ്ങളല്ലെന്ന്. കേരളത്തിന് മറ്റു ചില കാര്യങ്ങൾ വേണ്ടതുണ്ടെന്നും അവർ പറയുന്നു. ലോകം കണ്ട ഇക്കൂട്ടർക്ക് കേരളത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന നാശം പെട്ടെന്നുതന്നെ തിരിച്ചറിയാനാകുന്നുണ്ട്.

കേന്ദ്രസർക്കാറിൻെറ നിർദേശങ്ങളനുസരിച്ച് ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുമ്പോൾ അത് നിലവിലുള്ള എയർപോർട്ടിന് 150 കി.മീ ദൂരെയായിരിക്കണം എന്നാണ് പറയുന്നത്. എന്നാൽ ആറന്മുള നിർദിഷ്ട വിമാനത്താവളം തിരുവനന്തപുരത്തുനിന്ന് 93 കി.മീറ്ററും കൊച്ചിയിൽ നിന്ന് 96 കി.മീറ്ററും മാത്രം ദൂരത്തിലാണ് (വയനാട് ചീക്കല്ലൂർ- കരിപ്പൂർ ആകാശദൂരം 70 കി.മീറ്റർ, റോഡ് ദൂരം 104 കിലോമീറ്റർ. ചീക്കല്ലൂർ- കണ്ണൂർ ആകാശദൂരം 65 കി.മീറ്റർ, റോഡ് ദൂരം 106 കി.മീറ്റർ. കോഴിക്കോട്- കണ്ണൂർ ആകാശദൂരം 80 കി.മീറ്റർ, റോഡ് ദൂരം 120 കി.മീറ്റർ. കോഴിക്കോട്- കൊച്ചി ആകാശദൂരം 120 കി.മീറ്റർ. റോഡ് ദൂരം 160 കി.മീറ്റർ).

ആറന്മുള വിമാനത്താവളം പദ്ധതിക്കെതിരെ അവിടത്തെ ജനങ്ങൾ നടത്തുന്ന സമരത്തിന് ഇത്രയും പിന്തുണ കിട്ടാൻ കാരണം ഇപ്പോൾ ഉയർന്നുവന്നിരിക്കുന്ന ഈ പൊതുബോധമാകാം. ആറന്മുള വിമാനത്താവളത്തിനെതിരെ കഴിഞ്ഞ രണ്ടുവർഷമായി ശക്തമായ ഐക്യമാണ് ആറന്മുളയിലും കേരളത്തിൽ പൊതുവായും ഉണ്ടായിട്ടുള്ളത്. ഒരു ദേശത്തിൻെറ സംസ്കാരത്തെയും പൈതൃകത്തെയും കണക്കിലെടുക്കാതെയും ഒരു സംസ്ഥാനത്തിൻെറ നിയമങ്ങളെ മാനിക്കാതെയും പ്രകൃതിവിനാശത്തിനു വഴിവെക്കുന്നതുമായ ഈ പദ്ധതി വേണമെന്ന് വളരെ കുറച്ചാളുകളേ ആവശ്യപ്പെടുന്നുള്ളൂ. ഇതിൻെറ ഒരു പ്രധാന വക്താവ് കേരളത്തിൻെറ മുഖ്യമന്ത്രി തന്നെയാണെന്നതാണ് നിർഭാഗ്യകരമായ വസ്തുത. നിയമം നടപ്പിലാക്കാൻ ശ്രമിച്ച 48-ഓളം ഉദ്യോഗസ്ഥരെ പത്തനംതിട്ട ജില്ലയിൽനിന്ന് നാടുകടത്തിയതായി സമരസമിതിയിലെ ആളുകൾ പറയുന്നു. അവർ പറയുന്ന മറ്റൊരു കാര്യവും ശ്രദ്ധിക്കേണ്ടതാണ്. പത്തനംതിട്ട കളക്ടറേറ്റ്, വിമാനത്താവളം നിർമിക്കാൻ വന്നിരിക്കുന്ന കെ.ജി.എസ്. കമ്പനിയുടെ ഓഫീസായി മാറിയിരിക്കുകയാണ് എന്നാണ് അവർ പറയുന്നത്. ജനാധിപത്യവ്യവസ്ഥകളെക്കുറിച്ച് തിരിച്ചറിവുള്ള, രാഷ്ട്രീയബോധം രക്തത്തിലലിഞ്ഞുചേർന്ന ഒരു സംസ്ഥാനത്താണിത് നടക്കുന്നതെന്നോർക്കണം. പണത്തിൻെറ ശക്തി അത്രയും ഭീകരമായിരിക്കുന്നു. നെൽസൺ മണ്ടേല ഒരിക്കൽ അഭിപ്രായപ്പെട്ടുവത്രെ, മദ്യത്തിനും മതങ്ങൾക്കും ചെയ്യാൻ കഴിയാത്തത് പണത്തിന് കഴിയും എന്ന്. പണം കൊണ്ട് എന്തിനെയും വിലയ്ക്കെടുക്കാമെന്ന നില വന്നിരിക്കുന്നു. അഴിമതിയിൽ ഡൽഹിയും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളും പൊറുതിമുട്ടുമ്പോൾ അവിടെയുള്ള കേരളീയർ അഭിമാനത്തോടെ പറഞ്ഞിരുന്നൊരു കാര്യമുണ്ട്. 'കേരളം, നമ്മുടെ നാട് എത്ര ഭേദമാണ്', ഇന്നത്തെ കേരളത്തിലേക്ക് ആ സുമനസ്സുകളാരും വരാൻ ഇഷ്ടപ്പെടുന്നില്ല. ▶



ഫോട്ടോ ശ്രീധർ ആർ.

**കേന്ദ്രസർക്കാർ നിർദേശങ്ങളനുസരിച്ച് ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുമ്പോൾ നിലവിലുള്ള എയർപോർട്ടിന് 150 കി.മീ ദൂരയായിരിക്കണം. ആറന്മുള നിർദിഷ്ട വിമാനത്താവളം തിരുവനന്തപുരത്തുനിന്ന് 93 കി.മീറ്ററും കൊച്ചിയിൽ നിന്ന് 96 കി.മീറ്ററും മാത്രം ദൂരത്തിലാണ്.**



ഫോട്ടോ സി. ജയകുമാർ


കുടിയിറക്ക് ഭീഷണി നേരിടുന്ന നിർദിഷ്ട ആറന്മുള വിമാനത്താവള പദ്ധതിപ്രദേശം

ച്ച കലാകാരന്മാരും എല്ലാംതന്നെ ഇതിന്റെ സാക്ഷ്യപത്രങ്ങളാണ്. ഇക്കഴിഞ്ഞ ഏഴാംതീയതി ആറന്മുള സന്ദർശിച്ചശേഷം പ്രൊഫ. മാധവ് ഗാഡ്ഗിൽ അവിടെ കൂടിയിരുന്ന നാട്ടുകാരോട് അവരുടെ സമരം യഥാർഥ ദിശയിലുള്ളതാണെന്നും ഇത് ഈ രാജ്യത്തെ യഥാർഥ വികസനത്തിലേക്ക് നയിക്കുമെന്നും പറഞ്ഞത് ആറന്മുളയുടെ സമ്പന്നത ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ തിരിച്ചറിഞ്ഞതുകൊണ്ടാകാം. ഏതൊരു വികസനപദ്ധതി നടപ്പിലാക്കുമ്പോഴും ശ്രദ്ധിക്കേണ്ട നാല് സംഗതികളുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. മൂലധനത്തെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. മുതലാളിത്ത കാഴ്ചപ്പാടിൽ നോക്കിയാൽ സാമ്പത്തികം- പണം എന്ന മൂലധനത്തെക്കുറിച്ച് മാത്രമാണ് കാണുക. എന്നാൽ ഇത് നിലനിൽക്കുന്ന വികസനമല്ലെന്നും മറിച്ച് വിനാശ

ഇവിടെ വരാൻ ശ്രമിക്കുന്നതും ഭൂമി വാങ്ങിക്കൂട്ടുന്നതും ഈ ഭൂമിയോട് യാതൊരു ബന്ധവുമില്ലാത്തവരും ഈ നാടിന്റെ മര്യാദകളും നിയമവ്യവസ്ഥകളും അറിയാത്തവരും അതിനെ വിലവെക്കാത്തവരുമാണെന്നതാണ് യാഥാർഥ്യം. ഇവർക്കുവേണ്ടിയാണ് വിമാനത്താവളങ്ങളെന്ന മറ്റു ഉദ്ദേശ്യങ്ങളുള്ള വൻ പദ്ധതികൾ.

കേരളത്തിലെ മുഖ്യനദിയാണ് പമ്പ. പമ്പയാർ തഴുകി വളർത്തിയ, കാർഷികപരമായും വിദ്യാഭ്യാസപരമായും തെളിഞ്ഞുവന്ന ഭൂപ്രദേശമാണ് ആറന്മുളയും സമീപപ്രദേശങ്ങളും. 1500 വർഷത്തിലധികം പഴക്കമുള്ള ആറന്മുള പാർഥസാരഥി ക്ഷേത്രവും ആറന്മുള കണ്ണാടിയും ആറന്മുള പുഞ്ചയും ഈ നാട് സമ്മാനി


നിർദിഷ്ട ആറന്മുള വിമാനത്താവള പദ്ധതിപ്രദേശത്ത് കുടിൽകെട്ടി താമസിക്കുന്നവർ


പദ്ധതിപ്രദേശത്തെ പുഞ്ചപ്പാടം

ഫോട്ടോകൾ സി. ജയകുമാർ

മാണുണ്ടാക്കുക എന്നുമാണദ്ദേഹം വിശദീകരിച്ചത്. ഏതൊരു വികസനവും നാലുതരം മൂലധനത്തെ കണക്കിലെടുക്കണം. 1. മനുഷ്യനിർമിതമായ മൂലധനം- ഉദാ: വിമാനത്താവളം, റോഡുകൾ, ക്വാറികൾ തുടങ്ങിയവ. 2. മനുഷ്യ മൂലധനം. 3. പ്രകൃതി മൂലധനം- ഉദാ: ജൈവ വൈവിധ്യം, പുഴകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ. 4. സാമൂഹിക മൂലധനം-പരസ്പര സഹകരണം, സർക്കാരിലുള്ള വിശ്വാസം തുടങ്ങിയവ. ഈ നാല് മൂലധനവും ഒരേപോലെ വികസിക്കുമ്പോൾ മാത്രമേ യഥാർഥ വികസനമാകുന്നുള്ളൂ എന്നദ്ദേഹം സൂചിപ്പിച്ചു. വികസിത രാജ്യങ്ങളിലെ സാമ്പത്തിക വിദഗ്ധർ ഈ തരത്തിൽ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ പുരോഗതിയുടെ മുൻപിൽ നിൽക്കുന്നുവെന്ന് അവകാശപ്പെടുന്ന കേരളത്തിൽപ്പോ

ലും ആദ്യത്തെ മൂലധനത്തെക്കുറിച്ച് മാത്രമേ ചിന്തിക്കുന്നുള്ളൂ എന്ന് നമുക്ക് കാണാനാകും. അതായത് മനുഷ്യനിർമിതമായ മൂലധനത്തെക്കുറിച്ചു മാത്രം. ആറൻമുള വിമാനത്താവളപദ്ധതി മാത്രം എടുത്ത് പരിശോധിച്ച് നോക്കുക. ചീക്കല്ലൂരും അണക്കരയും കണ്ണൂരുമെല്ലാം ഇതേ സമീപനം തന്നെയാണ്.

കെ.ജി.എസ്. ആറൻമുള എയർപോർട്ട് ലിമിറ്റഡ് എന്ന ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിയാണ് ആറൻമുളയിൽ ഒരു ഗ്രീൻഫീൽഡ് എയർപോർട്ടിനായി മുന്നോട്ടുവന്നിരിക്കുന്നത്. 2000 കോടി രൂപയാണ് ഈ വികസനപദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 15% റിലയൻസ് ഗ്രൂപ്പിനാണ്. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽപ്പെട്ട മൂന്ന് ഗ്രാമങ്ങളിലാണ് (ആറൻമുള, കിടങ്ങന്നൂർ, മല്ലപ്പുഴശ്ശേരി) ഇതിനായുള്ള സ്ഥലം അവർ കണ്ടെത്തിയത്.

ആറൻമുള വിമാനത്താവള പദ്ധതിയെ ന്യായീകരിക്കുന്നതിനായി അവർ കണ്ടെത്തിയ കാര്യങ്ങൾ രസകരമാണ്. തിരുവനന്തപുരം- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളങ്ങൾക്കിടയ്ക്കാണീ സ്ഥലം. മധ്യതിരുവിതാംകൂറിലെ ജനങ്ങൾക്ക് ഇത് ഗുണം ചെയ്യും. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ശബരിമല തീർഥാടകരും മാരാമൺ കൺവെൻഷന് വരുന്നവരും മധ്യതിരുവിതാംകൂർ സന്ദർശിക്കുന്ന ടൂറിസ്റ്റുകളുമാണ്. (നൂറുകണക്കിന് കർഷകകുടുംബങ്ങളെ കുടിയിറക്കിയ നെടുമ്പാശ്ശേരി വിമാനത്താവളത്തിലോ തിരുവനന്തപുരം വിമാനത്താവളത്തിലോ ആണ് ഇപ്പോൾ ഇവർ വന്നിറങ്ങുന്നത്). ഈ ഗുണഭോക്താക്കൾക്കുവേണ്ടി 500 ഏക്കറോളം ഭൂമിയാണ് കെ.ജി.എസ്. കമ്പനിക്കാവശ്യം. ഇതിൽ 400 ഏക്കറും വയലാണ്. ഈ വയൽ നികത്താൻതന്നെ ടൺ കണക്കിന് മണ്ണും മണലും ആവശ്യമായി വരും. ആദ്യഘട്ടത്തിൽ ദിവസവും 12,000 ലിറ്റർ വെള്ളവും രണ്ടാം ഘട്ടത്തിൽ 58,500 ലിറ്റർ വെള്ളവും വേണ്ടിവരുമെന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. ചുറ്റുമുള്ള ആറോളം കുന്നുകൾ ഇടിച്ചുമാറ്റണം. ഏകദേശം 3,000 കുടുംബങ്ങളെ കുടിയൊഴിപ്പിക്കണം. ആറൻമുള പദ്ധതിയെക്കുറിച്ച് പഠനം നടത്തിയ സാലിംഅലി ഫൗണ്ടേഷൻെറ റിപ്പോർട്ട് ഇതുണ്ടാക്കാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് കൃത്യമായി പറയുന്നുണ്ട്. 212-ഓളം സസ്യങ്ങളും 60-ഓളം തരം മത്സ്യങ്ങളും 80-ഓളം തരം പക്ഷികളെയുമാണ് വെറും നാലുദിവസം നീണ്ട പഠനത്തിനിടയിൽ, ഡോ. വി.എസ്. വിജയൻെറ നേതൃത്വത്തിലുള്ള ഈ ശാസ്ത്രസംഘം ഇവിടെ കണ്ടെത്തിയത്. ഇതിൽ പലതും പശ്ചിമഘട്ടത്തിലും സമീപപ്രദേശങ്ങളിലും മാത്രം കാണപ്പെടുന്നവയാണ്.

വിമാനത്താവളപദ്ധതിക്കായി കണ്ടെത്തിയ സ്ഥലം, വയൽ, പമ്പയുടെ അധികജലം സംഭരിക്കുന്ന തണ്ണീർതടാകങ്ങളാണ്. അവിടെയുള്ള കർഷകത്തൊഴിലാളികളുടെ അഭിപ്രായത്തിൽ പമ്പയിൽ വെള്ളം പൊങ്ങുമ്പോൾ അവരുടെ വീടുകളിൽ വെള്ളം കയറാത്തത് ഈ വയലുകൾ ഉള്ളതുകൊണ്ടാണ്. കൃഷി ചെയ്യാത്ത കാലത്ത് വെള്ളം സംഭരിക്കുകയും തരിശിട്ടിരിക്കുന്ന സമയത്ത് പശുക്കളെയും പോത്തുകളെയും ആടുകളെയും മേയാൻ അനുവദിക്കുകയും ചെയ്യുന്ന ഈ വയലിന് സാധാരണ ജനജീവിതത്തെ നിലനിർത്തുന്നതിൽ വലിയൊരു പങ്കുണ്ട്. പലപ്പോഴും സാമ്പത്തിക വിദഗ്ധർ കാണാതെ പോകുന്ന കാര്യം ഇതാണ് (മൂന്ന് സെൻറ് ഭൂമി കൊടുത്ത് ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുന്നവർക്കും മനസ്സിലാകാത്തത് പച്ചയായ ഈ ജീവിതയാഥാർഥ്യമാണ്). വയലുകൾ ചില വ്യക്തികളുടെ പേരിലായിരിക്കുമ്പോഴും അത് ചില ഘട്ടങ്ങളിൽ ഒരു പൊതുഭൂമിയാണ്. മനുഷ്യർക്കു മാത്രമല്ല മൃഗങ്ങൾക്കും ഈ നിയമം ഒരു സംസ്കാരത്തിൻെറ ഭാഗമാണ്.

ഈ വയലിൻെറ കുറച്ചുഭാഗം ആദ്യം വാങ്ങിയവർ ചെയ്ത വലിയൊരു ചതിയുമുണ്ട്. ഇവിടെ നടന്നുകൊണ്ടിരുന്ന പുഞ്ചകൃഷിക്ക് ആധാരമായിരുന്ന വലിയ തോട് നികത്തിയതാണിത്. ഇതോടെ വെള്ളം ഇറക്കാനാകാതെ വരികയും വയലുകൾ വെള്ളക്കെട്ടായി മാറുകയും ചെയ്തു. കൃഷി ഇറക്കാൻ കഴിയാതായപ്പോൾ ഇതിനെ തരിശായും പ്രഖ്യാപിച്ചു. അതിനുശേഷം ചതിയുടെ ഒരു ഘോഷയാത്രതന്നെയായിരുന്നു ആറൻമുളയിൽ അരങ്ങേറിയത്. ആറൻമുള പുഞ്ചയെയും ചുറ്റുമുള്ള പ്രദേശങ്ങളെയും ഒരു വ്യവസായ മേഖലയാക്കി സർക്കാർ പ്രഖ്യാപിച്ച ▶


പുസ്തക വാർത്ത




**ഗാന്ധി : ഒരന്വേഷണം**
ഡോ. എം. ഗംഗാധരൻ
ഗാന്ധിജിയുടെ ജീവിതദർശനത്തെയും തത്ത്വസംഹിതയെയും അവയുടെ അർത്ഥവും വ്യാപ്തിയും പ്രസക്തിയും അറിഞ്ഞ് പഠിക്കാൻ സഹായിക്കുന്ന അപൂർവ്വമായൊരു രചന.
₹ 140

**ഗാന്ധി: ഒരു അർത്ഥ-നഗ്ന വായന**
എസ്. ഗോപാലകൃഷ്ണൻ
ലോകം ഒരു പുതുക്രമത്തിന്റെ സ്വാർത്ഥത്തിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ ഗാന്ധിചിന്തകൾ എത്രമാത്രം പ്രസക്തമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ് ഈ പഠന കൃതി.
₹ 95






**ഞാനും ആർ.സി.സി.യും**
ഡോ. എം. കൃഷ്ണൻനായർ
സ്വന്തം കഥ എന്നതിനപ്പുറം ആർ.സി.സി.യുടെ കഥയാവുകയാണ് ഈ ആത്മകഥ. കാൻസർ എന്ന മഹാരോഗത്തോടും അധികാരവടംവലികളോടും പോരാടിയ ഒരു ഡോക്ടറുടെ അനുഭവങ്ങൾ .
₹ 120

**വിളക്കുമരങ്ങൾ**
പ്രൊഫ. കെ.വി. തോമസ്
രാഷ്ട്രീയജീവിതത്തിലും വ്യക്തിജീവിതത്തിലും വഴിവെളിച്ചമായവരെക്കുറിച്ചുള്ള ഓർമ്മകൾ. ഈ പുസ്തകം കേരളീയ സാമൂഹിക ജീവിതത്തിന്റെ നർമ്മമധുരമായ മറ്റൊരു മുഖം വെളിപ്പെടുത്തുന്നു.
₹ 110






**പോലീസ് ക്യാമ്പിലെ എഴുത്തുജീവിതം**
മണമ്പൂർ രാജൻ ബാബു
കവി മണമ്പൂർ രാജൻബാബുവിന്റെ പോലീസ് ക്യാമ്പിലെ വ്യക്തിജീവിതവും കാവ്യജീവിതവും ഇടകലർന്ന സംഘർഷഭരിതമായ ഓർമ്മക്കുറിപ്പ്.
₹ 60

**സർഗ്ഗസൃഷ്ടിയിലെ രാസവിദ്യകൾ**
ഷാബു കിളിത്തട്ടിൽ
മലയാളത്തിലെ വിശിഷ്ടരായ എഴുത്തുകാർ തങ്ങളുടെ സർഗ്ഗനിമിഷങ്ങളെ ഓർത്തെടുക്കുകയാണിവിടെ. ഭാവനാപൂർണമായ സർഗ്ഗലോകത്തേക്ക് പ്രവേശനംനല്കുന്ന അഭിമുഖങ്ങളുടെ സമാഹാരം
₹ 140



ഡി സി ബുക്സ്
ഡി സി കിഴക്കെമുറി ഇടം
ഗുഡ്ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം1
0481-256 3114, 9846133336
customercare@dcbooks.com Online bookstore at:
www.dcbookshop.net, www.dcbooks.com

വിതരണം
ഡി സി ബുക്സ്, കറന്റ് ബുക്സ്
42 ശാഖകൾ.
കൈരളി പുസ്തകശാല തൃശൂർ-1
DAC-873




നിർദിഷ്ട ചീക്കല്ലൂർ വിമാനത്താവള പദ്ധതിപ്രദേശം

ഫോട്ടോകൾ മുരളി

**ഇവിടെ വരാൻ ശ്രമിക്കുന്നതും ഭൂമി വാങ്ങിക്കൂട്ടുന്നതും ഈ ഭൂമിയോട് ബന്ധമില്ലാത്ത, ഈ നാടിന്റെ മര്യാദകളും നിയമവ്യവസ്ഥകളും അറിയാത്ത, വിലവെക്കാത്തവരാണെന്നതാണ് യാഥാർഥ്യം. ഇവർക്കുവേണ്ടിയാണ് വിമാനത്താവളങ്ങളെന്ന മറ്റുദ്ദേശ്യങ്ങളുള്ള വൻ പദ്ധതികൾ.**

താണ് ഇതിൽ ആദ്യത്തേത്. പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി കിട്ടിയെന്ന കള്ളപ്രചാരണം നടത്തി കെ.ജി.എസ് കമ്പനി നാട്ടുകാരെയും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരെയും തെറ്റിദ്ധരിപ്പിച്ചു. ഒടുവിലത് കള്ളമാണെന്ന് തെളിഞ്ഞു. കേരള വയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന് ഭേദഗതി വരുത്തണമെന്ന സർക്കാറിന്റെ നിർദേശമാണ് ചതിയുടെ അടുത്തഘട്ടം. ഇത് ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളുടെ ജീവിതത്തെയും ഈ പ്രദേശത്തിന്റെ കാർഷിക സംസ്കൃതിയെയും സാരമായി തന്നെ ബാധിച്ചു. (ആറന്മുള കണ്ണാടി നിർമാണത്തിൽ ഉപയോഗിക്കുന്ന മണ്ണ് ഈ മേഖലയിലെ വിദഗ്ധർ എടുക്കുന്നത് ഈ വയലിൽ നിന്നാണ്).ഇതിനോടുള്ള ശക്തമായ പ്രതിഷേധമാണ് കർഷകത്തൊഴിലാളികളും നാട്ടുകാരും ഇവിടെ ഉയർത്തിയിരിക്കുന്നത്. രാഷ്ട്രീയ പാർട്ടികൾക്കും സാമൂഹിക നേതാക്കൾക്കും ഈ സമരത്തിനോട് ഐക്യദാർഢ്യം പറയേണ്ടിവന്നു. ആറൻമുള പൈതൃക ഗ്രാമസമിതിയും പള്ളിയോട സമിതികളും പരിസ്ഥിതി പ്രവർത്തകരുമെല്ലാം സുഗതകുമാരി ടീച്ചറുടെ നേതൃത്വത്തിൽ കഴിഞ്ഞ കുറേ നാളുകളായി എന്തുവിലകൊടുത്തും ഈ പൈതൃക ഭൂമിയെ രക്ഷിക്കും എന്ന് തീരുമാനിച്ച് മുന്നോട്ട് പോകുക തന്നെയാണ്. കൃഷി വീണ്ടും ആരംഭിക്കാനുള്ള ശ്രമങ്ങളും ഇവിടെ തുടങ്ങിയിരിക്കുന്നു.

പ്രൊഫ. ഗാഡ്ഗിൽ പറഞ്ഞ നാലു തരം മൂലധനവളർച്ചയുമായി തട്ടിച്ചുനോക്കിയാൽതന്നെ ബോധ്യമാകും ഈ വിമാനത്താവള പദ്ധതി ഒരു തരം മൂലധനത്തെ മാത്രമേ വളർത്തുകയുള്ളൂ എന്ന്. അത് കെ.ജി.എസ്. കമ്പനി നിർമിക്കാനുദ്ദേശിക്കുന്ന വിമാനത്താവളവും അനുബന്ധ പദ്ധതികളുമാണ്. മറ്റ് മൂന്ന് തരം മൂലധനവും-പ്രകൃതി, മനുഷ്യ, സാമൂഹിക മൂലധനങ്ങൾ-ഇപ്പോൾ തന്നെ നശിക്കാൻ തുടങ്ങിയിരിക്കുന്നു. പദ്ധതി പൂർത്തിയായാലത്തെ അവസ്ഥ എന്തായിരിക്കും? ഇക്കഴിഞ്ഞ വേനലിൽ തന്നെ ആറൻമുളക്കാർ (മുൻ എം.എൽ.എ. അടക്കം) രണ്ട് കിലോമീറ്റർ ദൂരെ പോയാണ് കുടിവെള്ളം എടുത്തത്.

ചീക്കല്ലൂരും അണക്കരയും പരിശോധിക്കുക. ചീക്കല്ലൂർ നിർദിഷ്ട വിമാനത്താവള പദ്ധതി പ്രദേശം വയനാട്ടിലെ സാധാരണ ജനങ്ങൾ വസിക്കുന്ന ഒരു ഗ്രാമപ്രദേശമാണ്. വയനാട്ടിലെ ഒരു ആദ്യകാല ജനവാസ കേന്ദ്രമാണ് ചീക്കല്ലൂർ-എരനെല്ലൂർ പ്രദേശം. പനമരം പഞ്ചായത്തിൽ പെടുന്ന ഈ ഗ്രാമം നല്ലൊരു കാർഷിക മേഖലയാണ്. 90 ശതമാനം ആളുകളും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. ഇതിൽതന്നെ 27 ശതമാനത്തോളം പേർ ആദിവാസികളാണ്. പണിയ-കുറുമ വിഭാഗത്തിൽ പെടുന്നവരാണിവർ. ഇതിൽതന്നെ കുറുമ വിഭാഗത്തിലെ ആളുകൾ ഇതിനുമുൻപ് കാരാപ്പുഴ അണക്കെട്ട് പദ്ധതിയുടെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ടവരാണ്. കൃഷിയും കന്നുകാലി വളർത്തലും അനായാസമായി ചെയ്യുന്ന കുറുമർക്ക്, അവർക്ക് നഷ്ടപ്പെട്ട വിസ്തൃതമായ കൃഷിഭൂമിക്കും കാലിമേച്ചിൽ ഭൂമിക്കും പകരമായി കിട്ടിയത് ഒന്നും രണ്ടും ഏക്കർ ഭൂമി മാത്രമാണ്. 1980- കളിൽ സ്വന്തം വേരറ്റ ഇവർ ചീക്കല്ലൂരിൽ തങ്ങളുടെ ജീവിതം മുൻപോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നതിനിടയിലാണ് അടുത്ത കു





ടിയിറക്ക് ഭീഷണി (വികസനത്തിന് ഒരു കൂട്ടർതന്നെ എപ്പോഴും വില കൊടുക്കേണ്ടി വരുന്നതെന്തുകൊണ്ടാണ്?). ഇവർക്കും മൂന്ന് സെൻറ് കൊടുത്ത് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലേക്ക് ആളെ കൂട്ടുകയാണോ ഈ പദ്ധതിയുടെ ഒരു ഗുണം?

ഏകദേശം 340 ഏക്കർ വരുന്ന ഈ പ്രദേശം ജൈവവൈവിധ്യ സമ്പന്നമാണെന്ന് ഇവിടെ പഠനം നടത്തിയ ദിലീപ് കുമാറിൻെറയും എസ്. രാജുവിൻെറയും പ്രിയങ്കയുടെയും നിരീക്ഷണങ്ങൾ സൂചിപ്പിക്കുന്നു. 26- ഓളം കുളങ്ങളാണ് ഇവിടെയുള്ളതെന്ന് ഈ പഠനം സൂചിപ്പിക്കുന്നു. വനമേഖലയായ ചെതലയം റേഞ്ചിൽ നിന്ന് ഇവിടേക്ക് മൂന്ന് കിലോമീറ്റർ ദൂരമേയുള്ളൂ താനും. 340 ഏക്കറിൽ ഏകദേശം 170 ഏക്കറും വയലാണ്. നിരന്തരം നെൽകൃഷി നടക്കുന്ന വയനാട്ടിലെ അപൂർവം വയലുകളിലൊന്നാണ് ഈ പ്രദേശത്തുള്ളത്. പരമ്പരാഗത വയനാടൻ നെല്ലിനങ്ങളും ഇവിടെ കൃഷി ചെയ്തു വരുന്നു. വയനാടൻ നെല്ലിനങ്ങൾക്ക് ദേശീയ തലത്തിൽതന്നെ പെരുമ വന്നു കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽതന്നെ ഈ വിത്തുകൾ കൃഷി ചെയ്യുന്ന പാടങ്ങൾ വിമാനത്താവളങ്ങൾ പോലെ നാട്ടുകാർക്ക് ആവശ്യമില്ലാത്ത പദ്ധതികൾക്കായി മാറ്റപ്പെടുന്നത് ദുരന്തം എന്നേ പറയാനാകൂ. ആയിരത്തിലധികം ആളുകളുടെ ഭക്ഷ്യസുരക്ഷയും ഊർജ സുരക്ഷയും തകർത്തുകൊണ്ടും ഈ ആവാസ വ്യവസ്ഥയെ ആശ്രയിക്കുന്ന 102 വ്യത്യസ്ത തരം പക്ഷികളുടെയും 64 തരം പൂമ്പാറ്റകളുടെയും ജീവനെ കശക്കിയെറിഞ്ഞുകൊണ്ടും ഞണ്ടുകൾ, തുമ്പികൾ, തവളകൾ, പാമ്പുകൾ, തുടങ്ങി ഒരു പ്രദേശത്തിൻെറ സ്വാഭാവിക സന്തുലിതാവസ്ഥ നിലനിർത്തുന്ന എല്ലാ ജൈവ വൈവിധ്യത്തെയും തകർത്തുകൊണ്ടും എന്തിനൊരു വിമാനത്താവളം എന്ന് നാട്ടുകാർ ചോദിക്കുന്നതിൽ യാതൊരു തെറ്റുമില്ല. ആർക്കാണിവിടെ വിമാനത്താവളം പണിയാനിത്ര വെമ്പൽ? ഭൂമിയെ, മണ്ണിനെ, ജീവൻെറ ആധാരമായി കാണുന്ന സംസ്കാരത്തെ തകർത്തു കളയാൻ എന്താണിവർക്കിത്ര ധൃതി?

**വയലിൻെറ കുറച്ചുഭാഗം ആദ്യം വാങ്ങിയവർ ചെയ്ത വലിയ ചതിയുണ്ട്. പുഞ്ചകൃഷിക്ക് ആധാരമായിരുന്ന വലിയ തോട് നികത്തിയതാണിത്. ഇതോടെ വെള്ളം ഇറക്കാനാകാതെ വെള്ളക്കെട്ടായി മാറി. കൃഷി ഇറക്കാൻ കഴിയാതായപ്പോൾ ഇതിനെ തരിശായും പ്രഖ്യാപിച്ചു.**

ഭക്ഷ്യോത്പാദനത്തിൻെറ കാര്യത്തിൽ ഏറ്റവും പുറകിൽ നില്ക്കുന്ന സംസ്ഥാനമായ കേരളത്തിന് ഇനിയും കൃഷി ഭൂമികൾ നശിപ്പിക്കാനുള്ള അവകാശമുണ്ടോ? ചീക്കല്ലൂർ വയലിൽതന്നെ കണ്ടെത്തിയ 38-ഓളം തരം ഇലക്കറികൾ, കൃഷി ചെയ്യാതെതന്നെ അമ്മമാർക്ക് ലഭിക്കുന്ന പോഷക പ്രധാനമായ ഇലക്കറികൾ, ഏതു സർക്കാറിനും മാർക്കറ്റിനുമാണ് നല്കാൻ കഴിയുക? നിർഭാഗ്യവശാൽ വളരെയേറെ കൈയടികളോടെ പാസായ ഭക്ഷ്യ സുരക്ഷാ ബില്ലും ഇത്തരം ഗ്രാമീണ ഭക്ഷ്യ സുരക്ഷയ്ക്ക് യാതൊരു വിലയും കൊടുത്തില്ല. എല്ലാവരേയും സ്വന്തം കാലിൽ നിൽക്കാൻ പഠിപ്പിക്കുന്നതിനു പകരം ആശ്രിതരാക്കുക എന്ന തത്ത്വമാണ് ഇവിടെയും മുന്നോട്ട് വെച്ചിരിക്കുന്നത്.

ഇടുക്കി ജില്ലയിലെ അതിമനോഹരമായ അണക്കരയിലും 450 ഹെക്ടർ വയലിൽ ഒരു വിമാനത്താവള പദ്ധതി നിർദേശിച്ചിരിക്കുകയാണ് സർക്കാർ. ഇതിൻെറ പ്രായോഗികതയെക്കുറിച്ചുള്ള പഠനം നടത്തി ജില്ലാ ഭരണം റിപ്പോർട്ട് എയർപോർട്ട് അതോറിറ്റിക്ക് സമർപ്പിച്ചിരിക്കുകയാണ്. ഇവിടെയും കർഷകർ പ്രക്ഷോഭത്തിലാണ്. ഇടുക്കിയിലെ ടൂറിസ വ്യവസായത്തെ ഈ പദ്ധതി സഹായിക്കുമെന്നാണ് ഇതിൻെറ വക്താക്കൾ പറയുന്നത്. 6,000 കുടുംബങ്ങളെ കുടിയൊഴിപ്പിച്ചാണ് ടൂറിസ വ്യവസായത്തെ സഹായിക്കാൻ സർക്കാർ ഒരുമ്പെടുന്നത്. ഇതിൽ തമിഴ് കുടുംബങ്ങളും ഉൾപ്പെടുന്നു. കുമിളി ടൗണിനുള്ള വെള്ളത്തിൻെറ ശ്രോതസ്സും ഈ പ്രദേശമാണ്.

വിമാനത്താവളങ്ങൾ നിർദേശിച്ചിരിക്കുന്ന പ്രദേശങ്ങൾക്കുണ്ടാകുന്ന നേരിട്ടുള്ള നാശത്തിനു പുറമേ ഇത് പണിയാനുള്ള മണ്ണും കല്ലും മണലും മറ്റ് വസ്തുക്കൾക്കുമായി എത്ര കുന്നുകൾ ഇടിക്കേണ്ടിവരും? എത്ര പുഴയിൽ നിന്നുകൂടി മണൽ വാരേണ്ടിവരും? (കൊച്ചി മെട്രോക്കുവേണ്ടി മണലെടുക്കാൻ മരിച്ചുകൊണ്ടിരിക്കുന്ന ഭാരതപ്പുഴയെയും പെരിയാറിനെയും അനുവദിക്കണമെന്ന് പറഞ്ഞുകേൾക്കുന്നു) എത്ര പുതിയ ക്വാറികൾ തുടങ്ങേണ്ടിവരും?

വെറുതെയല്ല പശ്ചിമഘട്ട സംരക്ഷണത്തിനുള്ള നിർദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രൊഫ. മാധവ്ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ഒറ്റക്കെട്ടായി രാഷ്ട്രീയ പാർട്ടികളും നേതാക്കളും സാമൂഹിക-മതനേതാക്കളും തള്ളിക്കളഞ്ഞത്. പ്രൊഫ. ഗാഡ്ഗിൽ സൂചിപ്പിച്ച ഒരുതരം മൂലധനത്തെ ക്കുറിച്ച് മാത്രം ചിന്തിക്കാൻ കഴിയുന്ന, തലതിരിഞ്ഞു പോയ വികസന കാഴ്ചപ്പാട് സൂക്ഷിക്കുന്നവർക്ക്, നാടിനെ ആത്മഹത്യയിലേക്ക് നയിക്കാനേ കഴിയൂ. സുസ്ഥിരതയെക്കുറിച്ചും ഭാവി തലമുറയെക്കുറിച്ചും ചിന്തിക്കാൻ ഇവർക്കെവിടെ സമയം! നെൽസൺ മണ്ടേല പറഞ്ഞതുപോലെ പണം ഇവിടെ കുറേ പേരെ മയക്കിയിരിക്കുന്നു. മദ്യത്തിനേക്കാൾ വലിയ വിപത്തായി ഇത് മാറിയിരിക്കുന്നു. കേരളത്തിൽ ജീവിക്കണമെങ്കിൽ, കേരളത്തിന് യഥാർഥ വികസനം ഉണ്ടാകണമെങ്കിൽ, ബോധംകെട്ട, ഭ്രാന്തമായ ഇത്തരം 'വികസന' പ്രവർത്തനങ്ങൾക്കെതിരെ നമ്മൾ ഒറ്റക്കെട്ടായി നിന്നേ കഴിയൂ- പ്രവർത്തിച്ചേ തീരൂ.■


തഥാഗതം

സച്ചിദാനന്ദൻ



₹ 75

ദുരന്തനിർഭരമായ ഒരു കാലത്തിന്റെ ചരിത്രരേഖകളായ *ബലി, ഇത്തിരി രക്തംകൂടി, ആ കല്ല്,* പ്രണയവും പരിഹാസവും തത്ത്വചിന്തയും ആത്മപരിഹാസവും തിളക്കുന്ന *അദൃശ്യം, കൈലാസം, പ്രകൃതിനിയമം, ആവർത്തനം* തുടങ്ങിയവയും. ചിന്ത രവിയുടെ വേർപാടിലെഴുതിയ *തഥാഗതം, കരിഞ്ഞ കവിത, പാവക്കുട്ടികൾ* എന്നിങ്ങനെ സച്ചിദാനന്ദന്റെ പുതിയ കവിതകളുടെ സമാഹാരം.

സ്വരങ്ങളും രൂപങ്ങളും ശൈലീഭേദങ്ങളും ചൈതന്യവത്താക്കുന്ന കവിതകൾ



മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS

*കോഴിക്കോട്, പാലക്കാട്, കല്പറ്റ, തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, മലപ്പുറം മാതൃഭൂമി ബുക്സ്റ്റാളുകളിലും തൃശ്ശൂർ, കോട്ടയം, കൊല്ലം മാതൃഭൂമി യൂണിറ്റുകളിലും വടകര ബ്യൂറോയിലും പുസ്തകം ലഭിക്കും.*

*ഫോൺ : 0495 2367744*

www.mathrubhumibooks.com




**Protest against Aranmula Airport - Article by S Usha in Mathrubhoomi Magazine**

എസ്. ഉഷ



# കേരളത്തിന്റെ നിലനിൽപ്പും



ഫുക്കുവോക്ക

**ആധുനിക വികസനവും കൃഷിസമ്പ്രദായവും എൻഡോസൾഫാനും ബി.ടി വഴുതനയും ജൈവകൃഷി നയവുമൊക്കെ ചർച്ച ചെയ്യുന്ന കേരളത്തിൽ ഫുക്കുവോക്കയുടെ പ്രസക്തിയും സ്വാധീനവും എന്താണ്**

# ഒറ്റവൈക്കോൽ വിപ്ലവവും



1984ലാണ് ആദ്യമായി ഞാൻ മസനോബു ഫുക്കുവോക്കയെപറ്റി കേൾക്കുന്നത്. കോളജിൽ എന്റെ കൂട്ടുകാരിക്കു വന്നിരുന്ന 'സൂചിമുഖി' മാസികയിൽ നിന്ന്. 'ഒറ്റ വൈക്കോൽ വിപ്ലവത്തിലെ' ഒന്നു രണ്ട് ചാപ്റ്ററുകൾ അന്ന് ആ മാസികയിൽ പ്രസിദ്ധീകരിച്ചു വന്നിരുന്നു. അന്ന് അത്ര ശ്രദ്ധയോടെ വായിക്കുകയുണ്ടായില്ല.

അതിനുശേഷമാണ് മധ്യപ്രദേശിലെ ഹോഷാംഗബാദിലുള്ള ഫ്രണ്ട്സ് റൂറൽ സെന്റർ, റസൂലിയ ഒറ്റ വൈക്കോൽ വിപ്ലവത്തിന്റെ ഇംഗ്ലീഷ് രൂപമായ 'വൺ സ്ട്രോ റവല്യൂഷൻ' പ്രസിദ്ധീകരിക്കുന്നത്. ഗഹനമായ തത്വങ്ങൾ വളരെ ലളിതമായ ഭാഷാപ്രയോഗതയിലും അർത്ഥം ഒട്ടും ചോരാതെയും എങ്ങനെ എഴുതാം എന്നതിന്റെ ഉത്തമോദാഹരണമായി തോന്നി ഈ പുസ്തകം. 1983-ൽ ഫ്രണ്ട്സ് റൂറൽ സെന്ററിലെ പർതാപ് അഗർവാൾ കണ്ടെത്തിയ ഈ പുസ്തകം അദ്ദേഹത്തിന്റെ ആമുഖത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഇതൊരു വലിയ മാറ്റത്തിന് കാരണമാകുമെന്ന് അദ്ദേഹം പോലും കരുതിയിട്ടുണ്ടാവില്ല. ഇന്ത്യയിലെ കാർഷികമേഖല കടുത്ത വെല്ലുവിളികൾ നേരിടാൻ തുടങ്ങിയ കാലത്തുതന്നെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടതും. ഹരിത വിപ്ലവത്തിലൂടെ ധാന്യങ്ങളുടെ ഉൽപാദന ക്ഷമത കൂട്ടി രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാമെന്ന സ്വപ്നത്തിന് 10-15 വർഷത്തിന്റെ ആയുസ്സേ ഉണ്ടായിരുന്നുള്ളൂ. കാർഷിക ശാസ്ത്രജ്ഞരെ തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് സംഭവിച്ച ഉൽപാദന മുരടിപ്പ് എൺപതുകളുടെ ആദ്യത്തിൽതന്നെ ചർച്ച ചെയ്യാൻ തുടങ്ങിയിരുന്നു. എന്നാൽ ഇതിന്റെ യഥാർത്ഥ കാരണങ്ങളിലേക്കു പോകാൻ അവർക്കായില്ല.

1984ൽ ഉണ്ടായ മറ്റൊരു ദുരന്തത്തിലൂടെയാണ് പൊതുസമൂഹം ചില പാഠങ്ങൾ പഠിച്ചത്. അത് ഭോപ്പാലിൽ നടന്ന കീടനാശിനി ദുരന്തമായിരുന്നു. സെവിൻ എന്ന അതിമാരക കീടനാശിനി ഉൽപാദിപ്പിച്ചു കൊണ്ടിരുന്ന ഹിന്ദുസ്ഥാൻ ലിവറിന്റെ കമ്പനി (ഇന്ന് ഡൗ കമ്പനി) പൊട്ടിത്തെറിച്ച് ആയിരക്കണക്കിനാളുകൾ പിടഞ്ഞു മരിക്കുകയും നിത്യരോഗികളായിത്തീരുകയും ചെയ്തു. ആ ദുരന്തത്തിന് മറുപടി കൂടിയായി മധ്യപ്രദേശിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ച ഒറ്റ വൈക്കോൽ വിപ്ലവം. ഒട്ടനവധി ചെറുപ്പകാർക്ക് ഇതൊരു സ്വപ്നമായി. സ്വപ്നങ്ങൾ എപ്പോഴും യുവതലമുറയുടെ പ്രതീക്ഷയാണല്ലോ? ഫുക്കുവോക്ക എന്ന പേര് പരിസ്ഥിതി സാമൂഹ്യ പ്രവർത്തകരുടെ ഇടയിൽ സുപരിചിതമായി. ഇന്ത്യയിലെ പാരമ്പര്യകൃഷി, ഇവിടുത്തെ വിത്തുകൾ, മണ്ണ് എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങളിലേക്കും ഇത് വഴിവെച്ചു. ഗാന്ധിജി, ധരംപാൽ തുടങ്ങി ഇന്ത്യയെ അതിന്റെ യാഥാർത്ഥ്യത്തിൽ കണ്ടെത്താൻ ശ്രമിച്ച മഹാന്മാരുടെ ചിന്തകൾ, പുസ്തകങ്ങൾ എന്നിവ വീണ്ടും പുറത്തെടുക്കപ്പെട്ടു. ഏകവിള തോട്ടങ്ങളെന്ന പാശ്ചാത്യ വ്യാവസായിക കൃഷിയുടെ നിലനിൽപ്പിനെകുറിച്ച് ഒട്ടേറെ ചർച്ചകൾ ഇന്ത്യയിൽ ആരംഭിച്ചു.

ഇത് ഇന്ത്യയിൽ മാത്രമാണോ സംഭവിച്ചത്? അല്ല ലോകത്ത് എല്ലായിടത്തും തന്നെ ഒറ്റ വൈക്കോൽ വിപ്ലവം ഒരു യഥാർത്ഥ വിപ്ലവത്തിന്റെ വിത്ത് പാകി. കീടനാശിനികളും രാസവസ്തുക്കളും മൂലം ഒരു യുദ്ധക്കളമായി മാറിക്കൊണ്ടിരിക്കുന്ന കൃഷിയിടങ്ങളെയും അതിലൂടെ തകർന്നുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ശാരീരിക -മാനസിക ആരോഗ്യത്തെയും ഭക്ഷണ

വ്യവസ്ഥയേയും രക്ഷിക്കേണ്ടതുണ്ടെന്ന് ലോകം തിരിച്ചറിയുകയായിരുന്നു. ആഗോളവൽക്കരണത്തിന്റെ പട്ടാളക്കാർ ലോകത്തെ ചവിട്ടിമെതിച്ച് കടന്നുപോകുമ്പോഴും കാർഷികമേഖലയിൽ നവോത്ഥാനത്തിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്നത് ഒറ്റ വൈക്കോൽ വിപ്ലവം നൽകിയ വ്യക്തതയും ആത്മീയശക്തിയും കർഷകരിൽ നിലനിൽക്കുന്നതിനാലാകാം.

കേരളത്തിൽ 1987ലാണ് ഈ പുസ്തകത്തിന്റെ മലയാള പതിപ്പ് പുറത്തിറങ്ങുന്നത്. കൃഷിയോട്, കാർഷിക സംസ്കാരത്തോട് പിൻതിരിഞ്ഞ് നടന്നുകൊണ്ടിരുന്ന കേരളത്തിലെ ആളുകൾക്ക് ഒരു നവോന്മേഷവും പ്രതീക്ഷയും നൽകിയതിൽ ഈ കൊച്ചുപുസ്തകത്തിനുള്ള പങ്ക് ചെറുതല്ല. ഏകവിളത്തോട്ടങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കീടനാശിനി ഉയർത്തുന്ന പ്രശ്നങ്ങൾ, ഭക്ഷണത്തിലെ വിഷം ഒക്കെ കേരളത്തിൽ സജീവമായി ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയ കാലമായിരുന്നു അത്. വിദ്യാഭ്യാസത്തെപറ്റി, ആരോഗ്യത്തെപറ്റി, വികസനത്തെപറ്റിയൊക്കെ തുറന്ന ചർച്ചകൾ പരിസ്ഥിതി സ്നേഹികളുടെ നേതൃത്വത്തിൽ നടന്നിരുന്ന സമയം. സമരങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും അപ്പുറത്ത് മനുഷ്യന് മുമ്പോട്ട് പോകാനുള്ള വഴി, അതിന്റെ ദർശനം എന്നിവ രൂപപ്പെടുത്തിയെടുത്തതിൽ ഫുക്കുവോക്കയെന്ന ഋഷി തുല്യനായ ശാസ്ത്രജ്ഞന്റെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് വലിയൊരു പങ്കുണ്ട്. ശത്രുവിനെ കൊന്ന് മുന്നേറുക എന്ന പരാജയപ്പെട്ട വിപ്ലവബോധത്തിൽ നിന്ന് ജീവനെ നിലനിർത്തുന്ന യഥാർത്ഥ ഹരിത വിപ്ലവത്തിലേക്ക് പോകാനുള്ള ഒരു ഊന്നുവടിയായും 'ഒറ്റ വൈക്കോൽ വിപ്ലവ' വായന കേരളത്തെ സഹായിച്ചു.

എൺപതുകളുടെ ഒടുവിൽ ഒറ്റപ്പെട്ട ജൈവ കാർഷിക പരീക്ഷണങ്ങൾ ആരംഭിച്ചു. തത്വത്തെ പ്രയോഗവൽക്കരിക്കുമ്പോൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും ഈ ആളുകൾ നേരിട്ടു. ഫുക്കുവോക്ക കണ്ടെത്തിയ 'ഉഴാതെ തന്നെ കൃഷി ചെയ്യാം' എന്ന

**1984ൽ ഉണ്ടായ മറ്റൊരു ദുരന്തത്തിലൂടെയാണ് പൊതുസമൂഹം ചില പാഠങ്ങൾ പഠിച്ചത്. അത് ഭോപ്പാലിൽ നടന്ന കീടനാശിനി ദുരന്തമായിരുന്നു. സെവിൻ എന്ന അതിമാരക കീടനാശിനി ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന ഹിന്ദുസ്ഥാൻ ലിവറിന്റെ കമ്പനി (ഇന്ന് ഡൗ കമ്പനി) പൊട്ടിത്തെറിച്ച് ആയിരക്കണക്കിനാളുകൾ പിടഞ്ഞു മരിക്കുകയും നിത്യരോഗികളായിത്തീരുകയും ചെയ്തു. ആ ദുരന്തത്തിന് മറുപടി കൂടിയായി മധ്യപ്രദേശിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ച ഒറ്റ വൈക്കോൽ വിപ്ലവം**

*ഭോപ്പാൽ ദുരന്തം*



തത്വം അതേപടി നടത്താൻ ശ്രമിച്ച് ഒരുപാടാളുകൾ പരാജയപ്പെടുകയും ചെയ്തു. ചിലർ ക്ലോപർ അന്വേഷിച്ചു പോയി. തൊണ്ണൂറുകളുടെ ആദ്യത്തിൽ ആലപ്പുഴ ജില്ലയിലെ മുഹമ്മയിലുള്ള പരിസ്ഥിതി സ്നേഹിയായ കെ.പി ദയാൽ ഇത്തരത്തിലുള്ള ഒരു കൃഷിരീതി അദ്ദേഹത്തിന്റെ ഒരു ഏക്കർ വരുന്ന തെങ്ങിൻ പുരയിടത്തിൽ പരീക്ഷിക്കാൻ തുടങ്ങുകയും പിന്നീട് ഈ കൃഷിയിടം ഒരു ജൈവകൃഷിയുടെ പഠന കളരിയായി മാറുകയും ചെയ്തു. പ്രകൃതി കൃഷി എന്നാണ് ഈ കൃഷി രീതിയെ ഫുക്കുവോക്ക വിളിച്ചത്. കേരളത്തിലും പ്രകൃതി കൃഷി എന്ന പേരിലായിരുന്നു ഈ കൃഷി രീതി ആദ്യ കാലങ്ങളിൽ പ്രചാരം നേടിയത്. ഈ പേര് ഒട്ടനവധി തെറ്റിദ്ധാരണകൾക്കും ഇടയാക്കി. Do nothing farming എന്നത് വിമർശിക്കപ്പെട്ടു. കളിയാക്കപ്പെട്ടു. ഇത് പറയുന്നവരെ ഭ്രാന്തന്മാരെന്ന് വിളിച്ചു.

പക്ഷേ ഇതൊന്നും തന്നെ പ്രകൃതി കൃഷിയുടെ വളർച്ചയ്ക്ക് തടസ്സമായില്ല. അതായിരിക്കും ജീവന്റെ ശക്തി പരിണാമത്തിന്റെ നീതി. ജീവന, വൈവിധ്യത്തെ സമ്പുഷ്ഠമാക്കിയാണ് കാർഷിക സംസ്കൃതി ലോകമെമ്പാടും ഉയർന്നുവന്നത്. അതാണ് നിലനിന്നുപോകുന്നത്. ഇന്നത്തെ സുസ്ഥിര കൃഷിയെക്കുറിച്ചുള്ള ചർച്ചകളിലും ഇതു തന്നെയാണ് കാർഷിക വിദഗ്ധരും പറയുന്നത്. മണ്ണിനെ നശിപ്പിച്ചുകൊണ്ട്, ജൈവ വൈവിധ്യത്തെ നശിപ്പിച്ചുകൊണ്ട് കൃഷിക്ക് നിലനിൽക്കാനാവില്ല ഇന്ന് കേരളത്തിൽ രാസകൃഷി തുടരുന്ന കർഷകർ കടക്കെണിയിലാകുന്നതും, കൃഷി ഉപേക്ഷിക്കുന്നതും അവരുടെ മക്കൾ നഗരങ്ങളിലേക്ക് ചേക്കേറുന്നതുമെല്ലാം തന്നെ ഇക്കാരണത്താലാണ്.

തൊണ്ണൂറുകളുടെ അവസാനത്തിൽ കേരളത്തിലെ സുഗന്ധവിള- പ്ലാന്റേഷൻ മേഖലയിൽ ജൈവകൃഷിയിലേക്കുള്ള മാറ്റങ്ങൾ തുടങ്ങി. അന്താരാഷ്ട്ര തലത്തിൽ ജൈവ ഉൽപ്പന്നങ്ങൾക്കുണ്ടായ മാർക്കറ്റാണ് സർക്കാറിനെ പോലും ഇത്തരത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചത്. ജൈവകൃഷി വിദേശവിപണി പിടിക്കാൻ എന്ന പ്രചാരണമായിരുന്നു പിന്നീട്. ജൈവകൃഷിയെ ജൈവവള കൃഷി




യായും തരം താഴ്ത്തിയ ഒരു സമീപന രീതിയായിരുന്നു ഇത്. എന്നാൽ കേരളത്തിന്റെ മണ്ണിൽ നിന്ന് മാരക വിഷങ്ങൾ ഒഴിവാക്കുകയും ഇവിടുത്തെ ജനങ്ങൾക്ക് വിഷമല്ലാത്ത ഭക്ഷണം ലഭ്യമാക്കുകയും ചെയ്യുകയാണ് വേണ്ടതെന്നായിരുന്നു പ്രകൃതികൃഷി തുടങ്ങിയവർ പറഞ്ഞത്. കാസർകോട് ജില്ലയിലുണ്ടായ എൻഡോസൾഫാൻ ദുരന്തം കീടനാശിനികളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കും മറ്റു പലർക്കും ഈ മേഖലയിൽ കൂടുതൽ ശക്തമായി പ്രവർത്തിക്കണമെന്ന തീരുമാനമെടുക്കാൻ പ്രേരണയായി.

ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും ജൈവകർഷകരുണ്ട്. പ്രകൃതികൃഷിയിൽ നിന്നു തുടങ്ങി സീറോ ബജറ്റ് ഫാമിന് വളരെ വ്യത്യസ്തതരം, പ്രകൃതിയെ നശിപ്പിക്കാത്ത കൃഷിരീതികൾ അനുവർത്തിക്കുന്ന ആയിരക്കണക്കിന് കർഷകരുണ്ട്. ചെറിയ ജൈവചന്തകൾ കേരളത്തിന്റെ പലഭാഗത്തും ജൈവകർഷകരുടെ നേതൃത്വത്തിലോ, ജൈവകൃഷിയെ സാങ്കേതികമായും രാഷ്ട്രീയമായും (ബദൽ) പ്രോത്സാഹിപ്പിക്കുന്ന സംഘടനകളുടെ നേതൃത്വത്തിലോ നടക്കുന്നുണ്ട്. കേരളത്തിന്റെ എല്ലാ വികസന നയങ്ങളും ഭൂമിക്കെതിരെയും ജൈവകൃഷിക്കെതിരെയും നിലകൊള്ളുമ്പോഴും അങ്ങേയറ്റം പ്രതീക്ഷ

മുല്ലക്കര രത്നാകരൻ



യോടെ ഭൂമിയെ സംരക്ഷിക്കുവാനും നമ്മുടെ ആഹാരം സുരക്ഷിതമാക്കാനും മനുഷ്യന്റെ നിലനിൽപ്പ് സാധ്യമാക്കാനുമായുള്ള ഒറ്റക്കും കൂട്ടായുമുള്ള ശ്രമങ്ങൾ തുടരുകതന്നെ ചെയ്യുകയാണ്. കീടനാശിനികൾക്കും ജനിതക മാറ്റം വരുത്തിയ ബി.ടി വഴുതനങ്ങ പോലുള്ള വിളകൾക്കുമെതിരെ ശക്തമായ നിലപാടെടുക്കാൻ കേരളത്തെ സഹായിച്ചത് ഇത്തരം ചിന്തകൾ സമൂഹത്തിൽ നിലനിർത്താൻ സഹായിക്കുന്ന ജൈവകൃഷി കൂട്ടായ്മകളായിരിക്കാം.

കേരളത്തിനിന്നൊരു ജൈവകൃഷി നയമുണ്ട്. ശ്രീ മുല്ലക്കര രത്നാകരൻ കൃഷിമന്ത്രിയായിരുന്നപ്പോൾ ജൈവ വൈവിധ്യ ബോർഡിന്റെ അന്നത്തെ ചെയർമാനായിരുന്ന ഡോ. വി.എസ് വിജയന്റെ നേതൃത്വത്തിലാണ് ഈ നയം രൂപീകരിക്കപ്പെട്ടത്. ഏറെ ജനകീയമായി ചർച്ച ചെയ്യപ്പെട്ടതിനു ശേഷമാണ് ഈ നയത്തിന്റെ അവസാന കരട് സർക്കാർ 2010ൽ പാസ്സാക്കിയത്. പല ഭാഗത്തുനിന്നും ഇത് പ്രായോഗികമല്ലെന്ന വാദം ഉയർന്നപ്പോഴും കേരളത്തിലെ പൊതുസമൂഹം ഈ നയത്തെ രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുകയായിരുന്നു. കാരണം മാർക്കറ്റിലെ പളപളക്കുന്ന ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളെക്കുറിച്ച് ഇന്നിവിടുത്തെ ഒരു കുഞ്ഞിനു പോലുമറിയാം. ഒട്ടേറെ സുഖ സൗകര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ ഭക്ഷണം മുഴുവനും വിഷമയവും അനാരോഗ്യകരവുമായി മാറുന്നത് കേരളത്തിലെ അച്ഛനമ്മമാരെ തെല്ലൊന്നുമല്ല വിഷമിപ്പിക്കുന്നത്. കാൻസർ, ഡയബറ്റിസ് പോലുള്ള രോഗങ്ങൾ, പ്രത്യുൽപാദന തകരാറുകൾ, കുട്ടികൾക്കുണ്ടാകുന്ന മാനസിക-ശാരീരികത്തകരാറുകൾ ഇവയെല്ലാം തന്നെ നമ്മുടെ നിലനിൽപിനെ ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. ഇന്ന് ഒട്ടേറെ കലാകാരന്മാർ, സിനിമാ നടന്മാർ വരെ കൃഷി ചെയ്യാനിറങ്ങുന്നു. ഇത് തുടങ്ങിയത് അനൂപ് ചന്ദ്രനെന്ന ചേർത്തലക്കാരനായ നടനാണെന്നാണെന്റെ അറിവ്. ബി.ടി വഴുതനങ്ങക്കെതിരെയുള്ള സമരത്തിൽ മുൻനിരയിലുണ്ടായിരുന്നു അനൂപ്. ഇക്കഴിഞ്ഞ ദിവസം പാടത്തെ ചളിയിൽ ഞാറുമായി നിന്ന് റീമ കല്ലിങ്കൽ പറഞ്ഞത് നല്ല ഭക്ഷണം കഴിക്കണമെങ്കിൽ സ്വന്തമായി കൃഷി ചെയ്തേ പറ്റൂ എന്നാണ്.

മുല്ലക്കര രത്നാകരനെന്ന മുൻ കൃഷിമന്ത്രി പ്രകൃതിയെ, കർഷകനെ, മണ്ണിനെ അടുത്തറിഞ്ഞ ആളാണെന്ന് പലപ്പോഴും തോന്നി

*ബി.ടി വഴുതനങ്ങക്കെതിരെ കേരളത്തിൽ ഉയർന്ന പ്രതിഷേധം*



യിട്ടുണ്ട്. കാർഷിക വൃത്തിയിൽ നിന്ന് പിന്മാറിക്കൊണ്ടിരുന്ന ഒരു സംസ്ഥാനത്തെ കൃഷിയുടെ സംസ്കാരത്തിലേക്ക് തിരികെ കൊണ്ടുവരാൻ ഒട്ടേറെ വഴികൾ അദ്ദേഹം സ്വീകരിച്ചു. സ്കൂളുകളിലെ കൃഷി, ജയിലിലെ കൃഷി, വഴിയോര കൃഷി, കരനെൽ കൃഷി, നാട്ടുകൂട്ടം തുടങ്ങി പല പുതിയ ആശയങ്ങളും അനൗപചാരികമായി തന്നെ അദ്ദേഹം ആവിഷ്കരിച്ചു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം കർഷകരെയും കുട്ടികളെയും മനസ്സിലാക്കിപ്പിക്കുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം തന്നെ അദ്ദേഹത്തിനുണ്ട്. ജൈവകൃഷിയിൽ താൽപര്യമുള്ള പല കൃഷി ഓഫീസർമാരും ഇപ്പോഴും അദ്ദേഹത്തിന്റെ സമീപനത്തെക്കുറിച്ച് പറയാറുണ്ട്. ജോലിയിൽ മാത്രമല്ല, തങ്ങളുടെ ജീവിതത്തിൽ തന്നെ പുതിയൊരു വെളിച്ചവും ആത്മശക്തിയും തങ്ങൾക്ക് ലഭിച്ചതായി സന്തോഷത്തോടെ അവരിപ്പോഴും സൂചിപ്പിക്കാറുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ തുടങ്ങിയ കൃഷി ഇന്ന് പൂർണ്ണമായും ജൈവകൃഷിയാക്കി മാറ്റാനുള്ള ശ്രമങ്ങളിലാണ്. ഇത് വിജയിച്ചാൽ കേരളത്തിനതൊരു വലിയ മുതൽക്കൂട്ടാകും. കാരണം കൃഷി എന്നത് സ്ത്രീകളുടെ കൈകളിലേക്ക് തിരിച്ചുവരേണ്ടതുമുണ്ട്. പ്രത്യേകിച്ചും കൃഷിയിലെ തീരുമാനങ്ങൾ. ഹരിത വിപ്ലവത്തിലൂടെ സ്ത്രീകൾക്ക് നഷ്ടപ്പെട്ട കൃഷിയിലെ പദവി പുന:സ്ഥാപിക്കാൻ ജൈവകൃഷിക്ക് കഴിയുമെന്നു തന്നെ വിശ്വസിക്കുന്നു.



ഒട്ടേറെ കടമ്പകൾ ഇനിയും നമുക്ക് കടക്കാനുണ്ട്. കീടനാശിനി കമ്പനികളും അവരുടെ വക്താക്കളായ ശാസ്ത്രജ്ഞരും ജൈവകൃഷിക്കെതിരെ തന്നെയാണ്. ജൈവ കർഷകരെ സഹായിക്കാനുള്ള ഒരു പൊതുസമൂഹം ഇവിടെ വളർന്നുവരേണ്ടതുണ്ട്. കൃഷി എന്നത് ജീവിക്കാനുള്ള ഒരു ഉപാധിയായിത്തീരുകയും വേണം. ഇല്ലെങ്കിൽ ഇവിടെ ഭൂമിയെന്നത് വെറും ഒരു കച്ചവടവസ്തുവായി മാറ്റപ്പെടും. വിദ്യാഭ്യാസം നേടിയ യുവതലമുറക്ക് ജൈവകൃഷിയിലൂടെ നല്ലൊരു ജീവിതം സാധ്യമാക്കും എന്ന് ബോധ്യപ്പെടുത്താൻ വേണ്ട ശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലെ ചെറുപ്പക്കാർക്ക് ജീവിക്കാനായി തങ്ങളുടെ നാട് വിട്ടോടേണ്ട സ്ഥിതി തന്നെ മാറ്റാൻ വേണമെങ്കിൽ നമുക്ക് കഴിയും. നിതാഖാത്തിനെ പേടിക്കാതെ തന്റേടത്തോടെ ജീവിക്കാൻ അങ്ങനെ മാത്രമേ നമുക്ക് സാധിക്കൂ. കേരളത്തിന്റെ മണ്ണുമായുള്ള ആത്മബന്ധം പുതിയ തലമുറയിൽപ്പെട്ട കുട്ടികളിൽ നഷ്ടപ്പെടാതിരിക്കാൻ ഇത്രയെങ്കിലും നമ്മൾ ചെയ്യേണ്ടതുണ്ട്. നമ്മുടെ കുട്ടികൾ അത് അർഹിക്കുന്നുണ്ട്. ഒറ്റ വൈക്കോൽ വിപ്ലവത്തിന്റെ പുനർവായനക്ക് പറ്റിയ അവസരമാണ് കേരളത്തിൽ ഇന്ന് ഉള്ളത്. എല്ലാ അർത്ഥത്തിലും ശിഥിലീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരള സമൂഹത്തിന്റെ യഥാർത്ഥ ആത്മസത്ത തിരിച്ചറിയാൻ ഒരു പക്ഷേ ഇത് സഹായിച്ചേക്കും. □



**One straw revolution-**
**Article by S Usha in Chadrika Weekly**



# നമ്മാൾവാർ: കൃഷിയിടമാണ് കാർഷിക സർവ്വകലാശാല

ഓർമ/ എസ്. ഉഷ

**കാ**ൽ നൂറ്റാണ്ടായി പ്രകൃതി കൃഷിയുമായി ബന്ധപ്പെട്ട് കർഷകരുടേയും വിദ്യാർത്ഥികളുടേയും പ്രൊഫഷണലുകളുടെയും ഇടയിൽ പ്രവർത്തിച്ചിരുന്ന അയ്യാ നമ്മാൾവാർ എന്ന ഡോ.ജി.നമ്മാൾവാർ ഡിസംബർ 30 ന് അന്തരിച്ചു. 1938 ൽ തഞ്ചാവൂർ ജില്ലയിലെ ഇളങ്കാട് എന്ന ഗ്രാമത്തിൽ ഒരു കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം അണ്ണാമലൈ സർവ്വകലാശാലയിൽ നിന്ന് കാർഷിക ശാസ്ത്രത്തിൽ ബിരുദം നേടി.

1963 ൽ സർക്കാരിന്റെ കീഴിലുള്ള കോവിൽപ്പട്ടി കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഗവേഷകനായി ചേർന്നു. ഹരിത വിപ്ലവത്തിനായി തയ്യാറെടുപ്പ് നടന്നിരുന്ന ഈ കാലഘട്ടത്തിൽ പരുത്തിയിലും ചെറുധാന്യങ്ങളിലും രാസവള-കീടനാശിനി പ്രയോഗങ്ങളെക്കുറിച്ചുള്ള ഗവേഷണമായിരുന്നു അദ്ദേഹത്തിന്റെ ജോലി. മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന, വിഭവ ദാരിദ്ര്യം അനുഭവിക്കുന്ന കർഷകർക്ക് യോജിച്ചതല്ല ഈ രീതിയെന്ന് തിരിച്ചറിഞ്ഞ നമ്മാൾവാർ ജോലി ഉപേക്ഷിച്ചു.

പിന്നീടുള്ള 10 വർഷക്കാലം അദ്ദേഹം നോബൽ ജേതാവായ ഡൊമിനിക് പൈർ തുടങ്ങിയ ഐലന്റ് ഓഫ് പീസ് എന്ന സംഘടനയിൽ അഗ്രോണമിസ്റ്റ് ആയിരുന്നു. തിരുനൽവേലി ജില്ലയിലെ ദരിദ്രരായ കർഷകരുടെ വികസനത്തെ ലക്ഷ്യമിട്ടായിരുന്നു ഈ പ്രവർത്തനം. ഇക്കാലത്ത് മനസ്സിലാക്കിയ ചില കാര്യങ്ങളാണ് പിൽക്കാലത്തുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് അടിത്തറയായത്. കൃഷിയിടത്തിൽ നിലനിൽക്കുന്ന ഉൽപ്പാദനം നടക്കുകയും കർഷകന് വലിയ ബാധ്യത ഇല്ലാതിരിക്കുകയും ചെയ്യണമെങ്കിൽ പുറമേനിന്ന് പണം കൊടുത്ത് സാധനങ്ങൾ വാങ്ങി കൃഷി ചെയ്തുകൂടാ എന്നദ്ദേഹം തിരിച്ചറിഞ്ഞു. കൃഷിയിടത്തിൽ വസ്തുക്കളുടെ പുനരുപയോഗമാണ് നടക്കേണ്ടത്.

70 കളുടെ അവസാനം വിനോബ ഭാവെ, പൗലോ ഫ്രെയർ തുടങ്ങിയവരുടെ ചിന്തകളിലും പ്രവർത്തനത്തിലും ആകൃഷ്ടനായ നമ്മാൾവാർ വിദ്യാഭ്യാസത്തെക്കുറിച്ച് കൂടുതൽ ആലോചിക്കാൻ തുടങ്ങി. 'വിദ്യാഭ്യാസത്തിലൂടെ സ്വാതന്ത്ര്യം' - അതായി അദ്ദേഹത്തിന്റെ പ്രവർത്തന രീതി. സ്വാശ്രയത്വത്തിൽ നിന്നേ സ്വാതന്ത്ര്യമുണ്ടാകൂ. വിദ്യാഭ്യാസത്തിലൂടെ മനുഷ്യൻ നേടേണ്ടത് സ്വാശ്രയത്വമാണെന്ന് അദ്ദേഹം വിശ്വസിച്ചു. വിദ്യാഭ്യാസത്തിലൂടെ അറിവ് ആർജ്ജിക്കുവാനുള്ള കഴിവും നേടണം. ഈ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായി 1979 ൽ 'കുടുംബം' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. തദ്ദേശീയരായ കർഷകരോടൊപ്പമായിരുന്നു പ്രവർത്തനം. അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, അവരോടൊത്തുചേർന്ന് ഓരോ പ്രദേശത്തിനും അനുയോജ്യമായ കാർഷിക രീതികൾ വികസിപ്പിക്കുന്നതിലായി അദ്ദേഹത്തിന്റെ ശ്രദ്ധ.

2004 ൽ തമിഴ്നാട്ടിലെ തീരപ്രദേശങ്ങളെ സുനാമി തകർത്തപ്പോൾ, അവിടത്തെ ഗ്രാമങ്ങളിൽ പ്രകൃതികൃഷിയിലൂടെ കൃഷി തിരിച്ചുകൊണ്ടുവരുവാനുള്ള ശ്രമങ്ങളിൽ കർഷകരോടും സർക്കാരിനോടുമൊപ്പം നമ്മാൾവാർ പ്രവർത്തിച്ചു. നാഗപട്ടണം ജില്ലയിൽ ഇത് വലിയ മാറ്റമുണ്ടാക്കിയപ്പോൾ ഇൻഡോനേഷ്യയിലേയും ശ്രീലങ്കയിലേയും കർഷക സംഘടനകൾ അവരുടെ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി നമ്മാൾവാറിനെ തേടിയെത്തി. മാസങ്ങളോളം അദ്ദേഹം അവിടെ ചെലവഴിച്ച് മോഡൽ കൃഷിയിടങ്ങൾ വികസിപ്പിച്ചെടുത്തു.

നമ്മാൾവാറുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകി 2007 ൽ ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റി അദ്ദേഹത്തിന് ഡോക്ടറേറ്റ് നല്കി.

കൃഷിയിടങ്ങളെ കർഷകരുടെ സർവ്വകലാശാലകളായിട്ടാണ് നമ്മാൾവാർ കണ്ടത്. ചെലവ് കുറഞ്ഞ ഗവേഷണം, അതാത് പ്രദേശത്തിന് യോജിച്ചത്. അങ്ങനെ 60 ലധികം കൃഷിയിടങ്ങൾ കർഷകരുമായി ചേർന്ന് അദ്ദേഹം വളർത്തിയെടുത്തു. 2009 ൽ 'വാണഗം' (Heaven on Earth) എന്ന പേരിൽ കരൂർ ജില്ലയിൽ ഒരു പ്രകൃതികൃഷി പരിശീലന-ഗവേഷണ സെന്റർ ആരംഭിച്ചു. യാത്രകൾ കുറയ്ക്കുകയും മണ്ണിലെ പരീക്ഷണങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്തുകയുമായിരുന്നു ഉദ്ദേശം. ഒട്ടനവധി ചെറുപ്പക്കാർക്ക് 'വാണഗം' ഒരു പഠനകളരിയായി. ആഴ്ചകളോളം താമസിച്ച് നഗരത്തിൽ നിന്നുള്ള ചെറുപ്പക്കാർ അയ്യായുടെ കൂടെ പണിയെടുത്ത് ജീ

**കാൽ നൂറ്റാണ്ടായി പ്രകൃതി കൃഷിയുമായി ബന്ധപ്പെട്ട് കർഷകരുടേയും വിദ്യാർത്ഥികളുടേയും പ്രൊഫഷണലുകളുടെയും ഇടയിൽ പ്രവർത്തിച്ചിരുന്ന അയ്യാ നമ്മാൾവാർ കൃഷിയിടങ്ങളെ കർഷകരുടെ സർവ്വകലാശാലകളായിട്ടാണ് കണ്ടത്.**

ധനരാജ് കീഴറ



പി നാരായണ മേനോൻ (പ്രസിഡന്റ്), പി. കൃഷ്ണകുമാർ (സെക്രട്ടറി)
എഡിറ്റോറിയൽ : എ.പി. കുഞ്ഞാമു, ടോമി മാത്യു, വടക്കേടത്ത് പത്മനാഭൻ, വിജയരാഘവൻ ചേലിയ, സിവിക് ചന്ദ്രൻ

ജനുവരി 2014

പുസ്തകം : 2 ലക്കം : 1



വിത ദർശനം രൂപപ്പെടുത്തിയെടുത്ത് മടങ്ങി. അവരിൽ പലരും പിന്നീട് കർഷകരുമായി.

എന്നാൽ സമാധാനമായിരിക്കാൻ ഇക്കാലം ആരേയും അനുവദിക്കുന്നില്ല. തഞ്ചാവൂർ മേഖലയെ നശിപ്പിക്കാനിടയുള്ള മീഥേൻ വാതകം കുഴിച്ചെടുക്കാനുള്ള ഒരു പദ്ധതിയുടെ പ്രഖ്യാപനം കഴിഞ്ഞ രണ്ട് വർഷങ്ങളായി നമ്മാൾവാറുടെ ഉറക്കം കെടുത്തി. പ്രായത്തിന്റെ അവശതകളെ മറികടന്നുകൊണ്ടുള്ള, ഊണും ഉറക്കവും ഉപേക്ഷിച്ചുള്ള പ്രവർത്തനം കൂടെയുള്ളവരെ, അദ്ദേഹത്തെ സ്നേഹിക്കുന്നവരെ തെല്ലൊന്നുമല്ല വിഷമിപ്പിച്ചിരുന്നത്. അങ്ങനെയൊരു മീറ്റിങ്ങിനിടയിലാണ് മരണം അദ്ദേഹത്തെ തൊട്ടത്.

‘നമ്മുടെ ആത്മാവ് ഇടക്കാലത്ത് സ്വീകരിക്കുന്ന ഒരു ശരീരത്തിൽ നിന്ന് സ്ഥിരമായ ഒരിടത്തിലേക്ക് കുടിയേറുന്നതിനെ നമ്മൾ മരണം എന്നു വിളിക്കുന്നു’ – നമ്മാൾവാർ മരണത്തെ കുറിച്ച് ഇങ്ങനെയാണ് പറയാറ്. തഞ്ചാവൂരിൽ ഭൗതിക ദേഹം പൊതുദർശനത്തിനായി വെച്ചപ്പോൾ ആയിരക്കണക്കിനാളുകളാണ് അവസാനമായി അദ്ദേഹത്തെ ഒരു നോക്കു കാണാൻ എത്തിയത്. വന്നവരെല്ലാം ഓരോ മരത്തൈയുമായാണ് മടങ്ങിയത്.

